LIBRARY ARCHIVES Kerala Legislative Assembly

പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്

268(2624) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഗസറ്റിൽ പരസ്യം വന്ന് ഒരു മാസം കഴിഞ്ഞാലും അച്ചടിച്ച ഗസറ്റ് ലഭ്യമാകാത്തതിനാൽ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാത്തു നിൽക്കുന്ന അപേക്ഷകർക്ക് കേരള ഗസറ്റ് വെബ്സൈറ്റിൽ ലഭ്യമായത് പരിശോധിച്ച് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുകയും പരസ്യം പ്രസിദ്ധപ്പെടുത്തുന്ന സർക്കാർ ഗസറ്റ് ഓരോ ലക്കത്തിന്റെയും അച്ചടിച്ച പകർപ്പ് ലഭിക്കുമ്പോൾ പരിശോധിച്ച് അതിലുൾപ്പെട്ടിട്ടുള്ള പരസ്യങ്ങൾക്ക്, സാക്ഷ്യപത്രം 30 ദിവസത്തിനുശേഷം അനുവദിക്കുന്ന രീതിയാണ് അനുവർത്തിച്ച് വന്നിരുന്നത്. പ്രിന്റിംഗ് ആൻഡ് സ്റ്റേഷണറി വകുപ്പ് ഗസറ്റ് വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന അതത് തീയതിയിൽ തന്നെ ഗസറ്റ് പരിശോധിച്ച് വന്നിട്ടുള്ള പരസ്യങ്ങൾ സംബന്ധിച്ച ഫയലുകൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തി, അവയിൽ കൃത്യം 30 ദിവസത്തിനകം സാക്ഷ്യപത്രം അനുവദിക്കുന്ന രീതി പല താലൂക്ക് ഓഫീസുകളിലും നിലവിൽ അനുവർത്തിച്ചുവരുന്നു. ഇത് സംസ്ഥാനത്തൊട്ടാകെ എല്ലാ താലൂക്ക് ഓഫീസുകളിലും ഏകീകൃത സ്വഭാവത്തോടെ നടപ്പിൽ വരുത്തുന്നതാണ്.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെയുള്ള നടപടി

269(2625) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിക്കെതിരെ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ?

ഇല്ല.

(ബി) പ്രസ്തുത വ്യക്തിയുടെ ഗ്രഡ് സർവ്വീസ് എൻട്രി റദ്ദാക്കിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

15-7-2021-ലെ സ.ഉ. (സാധാ) 2421/2021/റവ. പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച കാരണം ഉത്തരവിൽ തന്നെപ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ വ്യക്തിക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ബാധകമല്ല.

ഗ്രഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ നടപടി

270(2626) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗ്രഡ് സർവ്വീസ് എൻട്രി റദ്ദാക്കിക്കൊണ്ട് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021-ന് ഇറക്കിയ ഉത്തരവ് പുതുക്കി മറ്റൊരു ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 15-7-2021-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സാങ്കേതികമായ ചില പിഴവുകൾ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടതിനാലാണ് 19-7-2021-ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗ്രഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ ഉത്തരവ് ഇറക്കുന്നതിനുമുൻപ് അന്വേഷണം നടത്തിയിരുന്നോ;

&

(സി) പ്രസ്തുത അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly